# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3449** — **21.12.2012-ൽ മറുപടിക്ക്**

## ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരള കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല എന്നീ സ്ഥാപനങ്ങളിലെ ഫാം തൊഴിലാളികളുടെ 01/07/2009 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ കുടിശ്ശിക എന്നിവ നൽകുവാൻ നടപടി സ്വീകരിക്കുമോ; | എ) | 75 വയസ്സിൽ കൂടുതൽ പ്രായമുള്ള തൊഴിലാളികൾക്കും, മെഡിക്കൽ സർട്ടിഫിക്കറ്റോട്ടു കൂടിയ തൊഴിലാളി അപേക്ഷകർക്കും രോഗത്തിന്റെ ഗുരുതരാവസ്ഥ പരിഗണിച്ച് 01/07/2009 മുതലുള്ള ക്ഷാമാശ്വാസം ഉൾപ്പെടെ പെൻഷൻ പരിഷ്കരണ കുടിശ്ശിക കൊടുത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് ബാക്കിയുള്ളവർക്ക് കൊടുക്കാനാവാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്. |
| ബി) ഫാം തൊഴിലാളികളെ നിയമിക്കുന്നതിനു വേണ്ടി വിവിധ ഫാമുകളിൽ വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് തൊഴിലാളികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) | തൊഴിലാളികളുടെ നിയമനം സർവ്വകലാശാലയ്ക്ക് നേരിട്ട് നടത്താമെന്നതിനാൽ മുൻ തീരുമാനം അനുസരിച്ച് ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഘട്ടം ഘട്ടമായി നിയമനം നടത്തുവാനും ഇതു സംബന്ധിച്ച നിർദ്ദേശം അടുത്ത കമ്മിറ്റിയിൽ കൊണ്ടുവരാനും 494-മത് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (08/11/2012-ന് ചേർന്ന 495-മത് യോഗത്തിൽ ശരിവച്ച തീരുമാനം). ഇതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ